**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5** **29-01-2024 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനം എന്ന ആശയം സാക്ഷാത്കരിക്കുന്നതിനായി ലൈഫ് മിഷൻ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.<br><br>വിവിധ കേന്ദ്ര/ സംസ്ഥാന പദ്ധതികൾ കൂടി സംയോജിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് ഭവനപദ്ധതി നടപ്പിലാക്കുന്നത്.<br><br>ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 22/01/2024 വരെ 4,91,621 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം അനുവദിക്കുകയും 3,71,934 കുടുംബ ങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 1,19,687 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. കൂടാതെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന 32 ഭവന സമുച്ചയങ്ങളുടേയും പാർട്ണർഷിപ്പിലൂടെ 3 ഭവന സമുച്ചയങ്ങളുടേയും നിർമ്മാണം ആരംഭിച്ചു. ഇതിൽ ലൈഫ് മുഖേന നിർമ്മാണം ആരംഭിച്ചവയിൽ 4 ഭവന സമുച്ചയങ്ങളുടെയും പാർട്ണർ ഷിപ്പിലൂടെയുള്ളവയിൽ 2 ഭവന സമുച്ചയങ്ങളുടെയും നിർമ്മാണം പൂർത്തീകരിച്ചു ഗുണഭോക്താക്കൾക്ക് നൽകി.<br><br>'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ പന്നിയോട്, ശ്രീ.സുകുമാരൻ വൈദ്യർ സൗജന്യ മായി നൽകിയ 2.50 ഏക്കർ ഭൂമിയിൽ 112 ഭവനങ്ങളും 2 അംഗൻവാടികളുമുൾപ്പെടുന്ന ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 24.99 കോടി രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഭൂരഹിതരുടെ പുനരധിവാസത്തിനായി കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുമായി ചേർന്ന് 1000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുവാനും പദ്ധതിയിലൂടെ കഴിഞ്ഞു. ഇതിനു പുറമേ |

<table>
<tr><td></td><td></td><td></td><td>'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി വാഗ്ദാനം ചെയ്യപ്പെട്ട 28.636 ഏക്കർ ഭൂമിയിൽ 15.42 ഏക്കർ ഭൂമി രേഖാമൂലം ലഭിച്ചത് ഗുണഭോക്താക്കൾക്ക് കൈമാറി വരുന്നു.</td></tr>
<tr><td>(ബി)</td><td>ലൈഫ് ഭവന പദ്ധതിയിൽ ഇതുവരെ ചെലവഴിച്ചിട്ടുള്ള ആകെ തുകയും അതിലെ കേന്ദ്ര, സംസ്ഥാന വിഹിതവും എത്ര വീതമാണെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>ലൈഫ് ഭവന പദ്ധതിയിൽ 2017 -18 വർഷം മുതൽ 24/01/2024 വരെ ആകെ 17104.87 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>
<table>
<tr><th>നം</th><th>ഇനം</th><th>തുക (കോടിയിൽ)</th></tr>
<tr><td>1</td><td>സംസ്ഥാന വിഹിതം</td><td>5,087.77</td></tr>
<tr><td>2</td><td>ഹഡ്കോ ലോൺ</td><td>4,445.38</td></tr>
<tr><td>3</td><td>ബാങ്ക് ലോൺ</td><td>425</td></tr>
<tr><td>4</td><td>ഗ്രാമ നഗര പി.എം.എ വൈ സ്കീമിനു വേണ്ടിയുള്ള കേന്ദ്ര വിഹിതം</td><td>2,081.69</td></tr>
<tr><td>5</td><td>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം</td><td>5,065.03</td></tr>
<tr><td></td><td>ആകെ</td><td>17,104.87</td></tr>
</table></td></tr>
<tr><td>(സി)</td><td>ലൈഫ് മിഷൻ വീടുകൾക്ക് മുന്നിൽ ലോഗോയും പ്രധാനമന്ത്രിയുടെ ഫോട്ടോയും പതിപ്പിക്കണമെന്നും ആയത് ചെയ്തില്ലെങ്കിൽ പദ്ധതിയുമായി കേന്ദ്രസർക്കാർ സഹകരിക്കില്ലെന്നും സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കാമോ;</td><td>(സി)</td><td>പിഎംഎവൈ(നഗരം)- ലൈഫ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളിൽ പിഎംഎവൈ ലോഗോ പ്രദർശിപ്പിക്കേണ്ടതാണെന്നും ഗുണഭോക്താവിന്റെ പേരുൾപ്പെടെയുള്ള വിവരങ്ങൾ പ്രാദേശിക ഭാഷയിൽ ലോഗോയോടൊപ്പം പ്രദർശിപ്പിക്കേണ്ടതാണെന്നും സർക്കാരിന് ലഭിച്ച 23.08.2023-ലെ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ N-11011/43/2017-HFA-I-UD/FTS :9029438 നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്നു. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കുന്ന രീതിയിൽ ലോഗോ പ്രദർശിപ്പിക്കേണ്ടതാണെന്നും, ലോഗോയിൽ പദ്ധതിയുടെ പേര് മാറ്റാൻ പാടില്ല എന്നും 06.09.2023 ലെ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ N-11011/43/2017-HFA-I-UD/FTS: 9029438 പ്രകാരം നിർദ്ദേശിച്ചിരുന്നു.<br><br>കേന്ദ്ര മന്ത്രാലയം അനുശാസിക്കുന്ന രീതിയിൽ ബ്രാൻറിംഗ് മാനദണ്ഡങ്ങൾ പാലിക്കാത്ത പക്ഷം സംസ്ഥാനം സമർപ്പിക്കുന്ന പുതിയ പ്രൊപ്പോസലുകൾ പരിഗണിക്കുന്നതല്ലായെന്നും കേന്ദ്ര വിഹിതം നൽകുന്നതല്ലായെന്നും കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 19.09.2023-ലെ F No. 44(1)/ PF-S/2023-24(CAPEX) കത്ത് മുഖേന അറിയിച്ചതായി സംസ്ഥാന ധനകാര്യ വകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | | | Hon. Minister( LSGD) vide his letter no. 1188/M(LSG & Ex)2023 dated 20/11/2023 addressed to the Union Minister for Housing and Urban Affairs expressed concern that affixing branding logos on houses may inadvertently compromise the dignity and self-respect of beneficiaries; and hence requested Govt of India to reconsider the mandatory branding direction for PMAY Houses. |
| (ഡി) | കേന്ദ്രസർക്കാർ സഹകരിക്കാതിരുന്നാലും ലൈഫ് ഭവന പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ലൈഫ് ഭവന പദ്ധതിയുമായി സംസ്ഥാന സർക്കാർ മുന്നോട്ടു പോകുകയാണ്. |

സെക്ഷൻ ഓഫീസർ